(ഡി) ഈ അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ച് പുനർമൂല്യ നിർണ്ണയത്തിന്റെയും സൂക്ഷ്മ പരിശോധനയുടെയും ഫലം അതാത് വിദ്യാർത്ഥികളെ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഇ) ഉണ്ട്. പുനർമൂല്യനിർണ്ണയത്തിൽ ലഭിച്ച മാർക്കു കൂടി ചേർത്തപ്പോൾ ഒരു വിദ്യാർത്ഥിക്ക് 5-ാം റാങ്ക് ലഭിച്ചിട്ടുണ്ട്.

(എഫ്) കുമാരി രൂപാ രാജനാണ് ആ വിദ്യാർത്ഥി. ആദ്യ മൂല്യനിർണ്ണയത്തിൽ ഈ വിദ്യാർത്ഥിക്ക് ആകെ 570 മാർക്കാണ് ലഭിച്ചത്. ഈ വിദ്യാർത്ഥി തന്റെ ഹിസ്റ്ററി പേപ്പർ പുനർമൂല്യനിർണ്ണയത്തിനായി അപേക്ഷിക്കുകയും അതിൻപ്രകാരം ഈ വിദ്യാർത്ഥിയുടെ ഹിസ്റ്ററി പേപ്പർ പുനർമൂല്യനിർണ്ണയം നടത്തി ലഭിച്ച മാർക്ക് കൂടി ചേർത്ത് ഈ വിദ്യാർത്ഥിക്ക് 580 മാർക്ക് ലഭിച്ചിട്ടുണ്ട്. ഈ മാർക്ക് ആദ്യ 15 റാങ്കിനുള്ളിലുള്ള മാർക്കാകയാൽ ഈ വിദ്യാർത്ഥിയുടെ മറ്റെല്ലാ പേപ്പറുകളും പുനർമൂല്യനിർണ്ണയം നടത്തുകയുണ്ടായി. അങ്ങനെ ഈ വിദ്യാർത്ഥിനിക്ക് ആകെ ലഭിച്ച മാർക്ക് 587 ആയി ഉയരുകയും 5-ാം റാങ്ക് ലഭിച്ച വിദ്യാർത്ഥികളിലൊരാളാവുകയും ചെയ്തു.

(ജി) ഉണ്ട്. കേസിന്റെ ഇപ്പോഴത്തെ സ്ഥിതി അന്വേഷിച്ച് അറിയിക്കുന്നതാണ്.

അൺ എയിഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് ടി.സി. നല്കുന്നതിനുള്ള കോടതി വിധി

50 (2030) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. അബ്ദുറബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയിഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അതേ സ്കൂളിൽ തന്നെ പരീക്ഷ എഴുതുന്നതിനും അവിടെ നിന്ന് തന്നെ ടി.സി. ലഭിക്കുന്നതിനും അനുകൂലമായ കോടതിവിധി ഉണ്ടായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പരീക്ഷ നടത്തുന്നതിനും അവർക്ക് ടി.സി. കൊടുക്കുന്നതിനും പ്രസ്തുത സ്കൂളുകൾക്ക് ഇതിനായി അധികാരം നല്കുന്നതിനുവേണ്ട ഉത്തരവ് നല്കുമോ ?

ഉത്തരം

(എ&ബി) അൺ എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1999-2000 അദ്ധ്യയന വർഷത്തിൽ അതേ സ്കൂളിൽ വച്ചു തന്നെ പരീക്ഷ എഴുതുന്നതിനും അവിടെ നിന്നുതന്നെ ടി.സി. ലഭിക്കുന്നതിനും അനുകൂലമായി ബഹു.ഹൈക്കോടതിയുടെ ഇടക്കാല വിധി ഉണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly